കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ അവലോകനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം. 557/2019/ തസ്വഭവ  തിരുവനന്തപുരം, തീയതി, 07.03.2019.

പരാമർശം :- 1. ആരോഗ്യ കേരളം പ്രോജക്ടിന്റെ സോഷ്യൽ ഡവലപ്പ്മെന്റ് മേധാവിയുടെ 29.10.2018 ലെ എൻ.എച്ച്.എം./5439/സി.എസ്.ഡി/2018/ എസ്.പി.എം. എസ്.യു.നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 31.12.2018 ലെ 4.44 നമ്പർ തീരുമാനം.

3. 19.02.2019 ലെ 55/ഡി.ബി.2/19/തസ്വഭവ നമ്പർ സർക്കുലർ

4. സംസ്ഥാന ആസൂത്രണ ബോർഡ് ചീഫിന്റെ 01/03/2019 ലെ കത്ത് നം.3450/12/ഡി.പി.ഡി/എസ്.പി.ബി നം. കത്ത്

## ഉത്തരവ്

സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററിന്റെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയും നേതൃത്വത്തിൽ രോഗ പ്രതിരോധം, രോഗ ചികിത്സ,ആരോഗ്യ പരിപോഷണം , പുനരധിവാസം, സാന്ത്വന പരിപാലനം തുടങ്ങിയ ആരോഗ്യ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും ഇത്തരം പ്രവർത്തനങ്ങൾ വാർഡ് തലത്തിലും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിലും അവലോകനം നടത്തണമെന്നും ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തണമെന്നും അതിന് നിർദ്ദേശം പുറപ്പെടുവിക്കണമെന്നുമുള്ള ആരോഗ്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പരാമർശം (2)ലെ തീരുമാനപ്രകാരം ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പരാമർശം(3)ലെ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വാർഷിക പദ്ധതിയുടെ ഭാഗമായി നിരവധി ആരോഗ്യ പ്രവർത്തനങ്ങൾ പ്രാദേശികമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ടെന്നും സന്നദ്ധ സംഘടനകളും സന്നദ്ധ പ്രവർത്തകരും പ്രാദേശിക ആവശ്യങ്ങൾക്ക് അനുസൃതമായുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നെന്നും ആരോഗ്യ പ്രവർത്തകരെ കൂടാതെ ഒരു വാർഡിന് ഒരു ആൾ എന്ന രീതിയിൽ ആശാ പ്രവർത്തകരെ വിന്യസിച്ചിട്ടുണ്ടെന്നും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച രീതിയിൽ ലഭ്യമാക്കുവാൻ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം അത്യാവശ്യമായതിനാലും പ്രാദേശിക സർക്കാരുകൾക്കാണ് മേൽപ്പറഞ്ഞ ഏകോപന ചുമതല ഫലപ്രദമായി നിർവ്വഹിക്കുവാൻ സാധിക്കുകയെന്നതിനാലും ഇതിന് സഹായകരമാകുന്ന രീതിയിൽ വാർഡ്/ഡിവിഷൻ തലത്തിലും ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും ആരോഗ്യ അവലോകനങ്ങൾ സംഘടിപ്പിക്കാവുന്നതാണെന്നും ആയതിനാൽ ഇപ്രകാരം വിവിധ തലങ്ങളിൽ അവലോകനം നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി പരാമർശം (4) പ്രകാരം ചീഫ്, സംസ്ഥാന ആസൂത്രണ ബോർഡ് സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച രീതിയിൽ ലഭ്യമാക്കുവാൻ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

4. പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾക്കും മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല മികവുറ്റ രീതിയിൽ നിർവ്വഹിക്കുവാൻ സാധിക്കും. ഇതിന് സഹായകരമാകുന്ന രീതിയിൽ ആരോഗ്യ അവലോകന യോഗങ്ങൾ വാർഡ്/ഡിവിഷൻ തലത്തിലും ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും ചുവടെ പറയുന്ന പ്രകാരം സംഘടിപ്പിക്കേണ്ടതാണ്.

(എ). വാർഡ്/ഡിവിഷൻതല അവലോകനം:

ഓരോ മാസവും എല്ലാ വാർഡ്/ ഡിവിഷനിലെയും ആരോഗ്യ വിവരങ്ങൾ ആശമാർ നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കണം. ഫോർമാറ്റിന്റെ മാതൃക ആരോഗ്യ വകുപ്പ് ലഭ്യമാക്കുന്നതാണ്. ഇങ്ങനെ തയ്യാറാക്കുന്ന റിപ്പോർട്ട് ഓരോ വാർഡിലേയും/ ഡിവിഷനിലെയും താഴെ പറയുന്ന ആളുകളെ വിളിച്ച് ചേർത്ത് നടത്തുന്ന അവലോകന യോഗത്തിൽ ആശ വർക്കേഴ്സ് അവതരിപ്പിക്കേണ്ടതാണ്.

1. വാർഡ് മെമ്പർ / ഡിവിഷൻ കൗൺസിലർ
2. അങ്കണവാടി വർക്കർ/ ഹെൽപ്പർ
3. എ.ഡി.എസ്സ്.ചെയർ പേഴ്സൺ / ഭാരവാഹികൾ
4. കുടുംബശ്രീ ആരോഗ്യദായക വോളണ്ടിയർ
5. സന്നദ്ധ സംഘടന / റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ
6. ആരോഗ്യ മേഖലയിൽ ഇടപെടുന്ന മറ്റു പ്രവർത്തകർ

ഇപ്രകാരം നടത്തുന്ന അവലോകന യോഗത്തിൽ വാർഡിന്റെ ചുതലയുള്ള ഫീൽഡ് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ കഴിവതും പങ്കെടുക്കാൻ ശ്രമിക്കണം. റിപ്പോർട്ട് ചർച്ചയ്ക്ക് വിധേയമാക്കുകയും വാർഡ് ഹെൽത്ത് സാനിറ്റേഷൻ & ന്യൂട്രീഷ്യൻ കമ്മിറ്റിയിൽ (WHSNC) അവതരിപ്പിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും വേണം.

(ബി). ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല ആരോഗ്യ അവലോകന യോഗം:

ഹെൽത്ത് ഇൻസ്പെക്ടർ, ആശ വർക്കർമാർ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഓരോ മാസത്തെയും തദ്ദേശ ഭരണ സ്ഥാപന തല റിപ്പോർട്ട് തയ്യാറാക്കണം. ഓരോ മാസവും താഴെ പറയുന്ന അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ആരോഗ്യ അവലോകന യോഗം ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ നടത്തേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പാലിറ്റി ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ
2. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ / മെമ്പർമാർ / കൗൺസിലർമാർ
3. അലോപ്പതി, ആയുർവ്വേദ, ഹോമിയോ മെഡിക്കൽ ആഫീസർമാർ
4. ആരോഗ്യ വകുപ്പ് ജീവനക്കാർ
5. എല്ലാ ആശാ പ്രവർത്തകരും
6. സി.ഡി.എസ്സ്. ചെയർ പേഴ്സൺ / മെമ്പർ സെക്രട്ടറി
7. ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ
8. ആരോഗ്യ മേഖലയിൽ കാര്യക്ഷമമായി ഇടപെടുന്ന സന്നദ്ധ പ്രവർത്തകരുടെ രണ്ട് പ്രതിനിധികൾ

(സി) മീറ്റിംഗ് അജണ്ട

1. വാർഡ് ആരോഗ്യ പ്രവർത്തനങ്ങൾ
2. ആശമാരുടെ പ്രവർത്തനങ്ങൾ
3. ആരോഗ്യ മേഖലാപ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി
4. ആരോഗ്യ കേന്ദ്രം, ആയുർവേദ / ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം
5. ഗ്രാമ പഞ്ചായത്ത് തല ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട്
6. അടുത്ത മാസത്തെ പ്രവർത്തന ആസൂത്രണം
7. പാലിയേറ്റീവ് കെയർ പദ്ധതി
8. മറ്റു പ്രവർത്തനങ്ങൾ

5. ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ, തുടങ്ങിയ ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെ അവലോകന യോഗത്തിൽ പ്രത്യേകം അവലോകനം ചെയ്യേണ്ടതും വാർഡ് തല സാനിട്ടേഷൻ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ആവിഷ്കരിക്കേണ്ടതുമാണ്.

6. ഈ അവലോകന യോഗങ്ങളിലെ നിർദ്ദേശങ്ങൾ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ആരോഗ്യകുടുംബക്ഷേമ വകുപ്പ്,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്കും(നഗരകാര്യഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ളോക്ക് പഞ്ചായത്ത്സെക്രട്ടറിമാർക്കും(ഗ്രാമ വികസനകമ്മീഷണർ മുഖാന്തിരം))
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/72/19/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ